ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

**DATE: 27.01.2026** **TIME : 07.25 PM**

## പ്രധാന

1. ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാർ യാഥാർത്ഥ്യമായി. വ്യാപാരം, സുരക്ഷ, പ്രതിരോധം, ദുരന്തസാധ്യതാ മാനേജ്മെന്റ്, ഗ്രീൻ ഹൈഡ്രജൻ തുടങ്ങിയ മേഖലകളിൽ ഇരുപക്ഷവും സഹകരിച്ച് പ്രവർത്തിക്കും.

   The free trade agreement between India and the European Union has become a reality. The two sides will work together in areas such as trade, security, defence, disaster risk management and green hydrogen.

2. പ്രധാന മേഖലകളിൽ തൊഴിലവസരങ്ങളും, വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും കൂടുതൽ സാധ്യതകളും സൃഷ്ടിക്കുന്നതിന് കരാർ സഹായിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   Prime Minister Narendra Modi Says, agreement will help create jobs in key sectors and more opportunities for students and youth.

3. **ഗോവയിൽ നടക്കുന്ന ഇന്ത്യ ഊർജ വാരത്തിന്റെ നാലാം പതിപ്പ് പ്രധാനമന്ത്രി നരേന്ദ്ര മോദി വെർച്വലായി ഉദ്ഘാടനം ചെയ്തു.**

**Prime Minister Narendra Modi inaugurated the fourth edition of India Energy Week virtually in South Goa.**

4. **പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് നാളെ തുടക്കം. കേന്ദ്ര സർക്കാർ സർവകക്ഷി യോഗം വിളിച്ചുചേർത്തു. കേന്ദ്ര ബജറ്റ് ഞായറാഴ്ച.**

**The budget session of Parliament begins tomorrow. The central government has called an all-party meeting. The central budget is on Sunday.**

5. **നിയമസഭയിൽ ഇന്നും പ്രതിപക്ഷ ബഹളം. ശബരിമല സ്വർണ അപഹരണക്കേസിൽ സഭാ കവാടത്തിൽ പ്രതിപക്ഷം സത്യഗ്രഹം തുടങ്ങി.**

**Opposition ruckus continues in the assembly today. The opposition started a satyagraha at the entrance of the assembly over the Sabarimala gold theft case.**

6. **സന്തോഷ് ട്രോഫി ഫുട്ബോളിൽ ഒഡീഷയെ ഏകപക്ഷീയമായ ഒരു ഗോളിന് കേരളം പരാജയപ്പെടുത്തി.**

**Kerala defeated Odisha by a one-sided goal in Santosh Trophy football**

*************************************************

## NEW. REV. PM-INDIA-EU TALKS (INTRO)

സ്വതന്ത്ര വ്യാപാര കരാറിൽ ഒപ്പിട്ട് ഇന്ത്യയും യൂറോപ്യൻ യൂണിയനും. പ്രധാനമന്ത്രി നരേന്ദ്ര മോദിയും യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ്

അന്റോണിയോ കോസ്റ്റയും യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്നും തമ്മിൽ ന്യൂഡൽഹിയിൽ നടന്ന പ്രതിനിധി ചർച്ചയിലാണ് കരാറിന് അന്തിമരൂപമായത്. വ്യാപാരം, സുരക്ഷ, പ്രതിരോധ പങ്കാളിത്തം, മൊബിലിറ്റി, ദുരന്തസാധ്യതാ മാനേജ്മെന്റ്, ഗ്രീൻ ഹൈഡ്രജൻ തുടങ്ങിയ മേഖലകളിൽ ഉൾപ്പെടെ ഏഴ് കരാറുകൾ ഇന്ത്യയും യൂറോപ്യൻ യൂണിയനും ഇന്ന് കൈമാറി. വെറുമൊരു വ്യാപാര കരാറെന്നതിലുപരി പരസ്പര അഭിവൃദ്ധിക്കുള്ള പുതിയ ബ്ലൂപ്രിന്റ് ആണിതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള ബന്ധം പുതിയ ഉയരങ്ങളിലെത്തിയതായും കരാർ ഇന്ത്യയിലേക്കുള്ള നിക്ഷേപം വർദ്ധിപ്പിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.
(വോയിസ് പി.എം)

ഉച്ചക്ക് ശേഷം ഡൽഹിയിൽ നടന്ന ഇന്ത്യ-യൂറോപ്യൻ യൂണിയൻ ബിസിനസ് ഫോറത്തിൽ ശ്രീ നരേന്ദ്ര മോദിയും യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റും അധ്യക്ഷത വഹിച്ചു. ഇന്ത്യ വളരുകയാണെന്നും യൂറോപ്പ് ഇതിൽ സന്തോഷിക്കുന്നുവെന്നും യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്ൻ പറഞ്ഞു. റിപ്പബ്ലിക് ദിന പരേഡിൽ മുഖ്യാതിഥിയാകാൻ കഴിഞ്ഞത് ഒരു ബഹുമതിയാണെന്നും അവർ അഭിപ്രായപ്പെട്ടു .

( ഉർസുല വോയിസ്)

പരസ്പര അഭിവൃദ്ധിക്കും സുരക്ഷയ്ക്കും വേണ്ടി യൂറോപ്യൻ യൂണിയനും ഇന്ത്യയും ഒരുമിച്ച് പ്രവർത്തിക്കണമെന്ന് യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് അന്റോണിയോ കോസ്റ്റ പറഞ്ഞു.

****************************************

## INDIA - EU TALK ( INTRO)

ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിൽ വർഷങ്ങളായി തുടരുന്ന സഹകരണത്തിന്റെയും ചർച്ചകളുടെയും വിജയമാണ് ഇന്നത്തെ സ്വതന്ത്ര വ്യാപാര കരാർ. ഒരു റിപ്പോർട്ട്.........

(വോയ്സ്)

ഇന്ത്യയുടെ ഏറ്റവും വലിയ വ്യാപാര പങ്കാളികളിൽ പ്രധാന കക്ഷിയാണ് യൂറോപ്യൻ യൂണിയൻ. 2024–25 ൽ 11.5 ലക്ഷം കോടി രൂപ ആണ് യൂറോപ്യൻ യൂണിയനുമായുള്ള ഇന്ത്യയുടെ ഉഭയകക്ഷി വ്യാപാരം. കയറ്റുമതി 6.4 ലക്ഷം കോടി രൂപയും. 5.1 ലക്ഷം കോടി രൂപയായിരുന്നു ഇറക്കുമതി. ആഗോള ജിഡിപിയുടെ 25% വരുന്നതും ആഗോള വ്യാപാരത്തിന്റെ മൂന്നിലൊന്ന് വരുന്നതുമായ നാലാമത്തെയും രണ്ടാമത്തെയും വലിയ

സമ്പദ്‌വ്യവസ്ഥകളാണ് ഇന്ത്യയും യൂറോപ്യൻ യൂണിയനും. ഈ രണ്ട് വലിയ സമ്പദ്‌വ്യവസ്ഥകളുടെ സംയോജനം അഭൂതപൂർവമായ വ്യാപാര, നിക്ഷേപ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുമെന്നാണ് വിലയിരുത്തൽ. കരാർ പ്രാബല്യത്തിൽ വരുമ്പോൾ ഏകദേശം 33 ബില്യൺ യുഎസ് ഡോളറിന്റെ കയറ്റുമതി താരിഫ് ഇല്ലാതാകും. വസ്ത്രങ്ങൾ, തുകൽ, പാദരക്ഷകൾ, സമുദ്രോത്പന്നങ്ങൾ, രത്നങ്ങൾ, ആഭരണങ്ങൾ, കരകൗശല വസ്തുക്കൾ, എഞ്ചിനീയറിംഗ് ഉൽപ്പന്നങ്ങൾ, ഓട്ടോമൊബൈലുകൾ തുടങ്ങിയ തൊഴിൽ പ്രാധാന്യമുള്ള മേഖലകൾക്ക് കരാർ ഉത്തേജനം നൽകും. കരകൗശല വിദഗ്ധർ, സ്ത്രീകൾ, യുവാക്കൾ, എംഎസ്എംഇകൾ എന്നിവർക്കും കരാർ ഗുണകരമാകും. വാഹനനിർമാണരംഗത്ത്, മേക്ക് ഇൻ ഇന്ത്യ ഉൽപ്പന്നങ്ങളുടെ കയറ്റുമതിക്കും സാധ്യതകൾ തുറക്കുകയും ചെയ്യും.

**ന്യൂസ് ഡസ്ക്, ആകാശവാണി.....**

***************************************

## GOYAL - INDIA-EU SUMIT

പതിനാറാമത് ഇന്ത്യ-യൂറോപ്പ്യൻ യൂണിയൻ ഉച്ചകോടി ചരിത്ര സംഭവമാണെന്നും രാജ്യത്തിന്റെ സാമ്പത്തിക ഇടപെടലിൽ ഒരു സുപ്രധാന നാഴികക്കല്ലാണെന്നും കേന്ദ്ര മന്ത്രി പീയൂഷ്

ഗോയൽ പറഞ്ഞു. വിശാലവും ആഴമേറിയതുമായ പങ്കാളിത്തത്തിന്റെ അടിത്തറയാണ് ഇന്ത്യ - യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാറെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ സമൂഹമാധ്യമ പോസ്റ്റിൽ പറഞ്ഞു.

***************************************

## ALL PARTY MEETING

നാളെ ആരംഭിക്കുന്ന പാർലമെന്റ് ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി ഇന്ന് സർവകക്ഷി യോഗം ചേർന്നു. രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. രാജ്യസഭയിലെ സഭാനേതാവ് ജെ പി നദ്ദ, കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു, പാർലമെന്ററി കാര്യ സഹമന്ത്രിമാരായ അർജുൻ റാം മേഘ്‌വാൾ, ഡോ. എൽ മുരുകൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഫെബ്രുവരി ഒന്നിന് ധനമന്ത്രി നിർമല സീതാരാമൻ ബജറ്റ് അവതരിപ്പിക്കും. ഏപ്രിൽ 2 വരെയാണ് സമ്മേളനം.

***************************************

## PREZ- RD GUESTS

റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുത്തവരുമായി രാഷ്ട്രപതി ദ്രൗപദി മുർമു കൂടിക്കാഴ്ച നടത്തി. ഗോത്ര വിഭാഗ അംഗങ്ങൾ, ടാബ്ലോ

കലാകാരന്മാർ, ട്രാക്ടർ ഡ്രൈവർമാർ, എൻഎസ്എസ് വളണ്ടിയർമാർ, എൻസിസി കേഡറ്റുകൾ തുടങ്ങിയ സംഘങ്ങളുമായി രാഷ്ട്രപതിഭവനിലായിരുന്നു കൂടിക്കാഴ്ച.

*************************************

## PRADHAN- UGC REGULATION

യുജിസിയുടെ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ കാമ്പസുകളിലെ ജാതി വിവേചനം പരിഹരിക്കുന്നതിനാണെന്നു കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ. ഈ മാർഗനിർദേശങ്ങൾ ദുരുപയോഗം ചെയ്യുന്നില്ലെന്ന് ഉറപ്പാക്കേണ്ടത് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെയും യുജിസിയുടെയും ഉത്തരവാദിത്തമാണ്. വിഷയം സുപ്രീം കോടതിയുടെ മേൽനോട്ടത്തിലാണെന്നും എല്ലാ നടപടികളും ഭരണഘടനയുടെ പരിധിക്കുള്ളിൽ നിന്നായിരിക്കുമെന്നും മന്ത്രി പറഞ്ഞു.

*************************************

## C R PATIL- WASH WORRIORS

രാജ്യത്തുടനീളം വിവിധ ജലസംരക്ഷണ പദ്ധതികൾക്കായി ഗവൺമെന്റ് 32,000 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് കേന്ദ്ര ജലശക്തി മന്ത്രി സി ആർ പാട്ടീൽ പറഞ്ഞു. ജല സംരക്ഷണ, ശുചീകരണ, ആരോഗ്യ പരിപാലന സംരംഭങ്ങൾക്ക് നേതൃത്വം നൽകുന്ന 'വാഷ്' പ്രവർത്തകരുമായി ന്യൂഡൽഹിയിൽ

സംവദിക്കുകയായിരുന്നു അദ്ദേഹം. എംജിഎൻആർഇജിഎ ഫണ്ടിന്റെ 65 ശതമാനവും ജലസംരക്ഷണത്തിനോ ജലവുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾക്കോ വേണ്ടിയാണ് വിനിയോഗിക്കുന്നതെന്നും മന്ത്രി ചൂണ്ടിക്കാട്ടി. നമാമി ഗംഗാ മിഷന്റെ കീഴിൽ ഈ വർഷം 15 മലിനീകരണ നിർമാർജന പദ്ധതികൾ പൂർത്തിയായതായും ശ്രീ പാട്ടീൽ പറഞ്ഞു.

*************************************

## INDIA ENERGY WEEK-GOA

ഇന്ത്യ ഊർജ വാരത്തിന്റെ നാലാം പതിപ്പ് പ്രധാനമന്ത്രി നരേന്ദ്ര മോദി ദക്ഷിണ ഗോവയിൽ വെർച്വലായി ഉദ്ഘാടനം ചെയ്തു. ഊർജ്ജ മേഖലയിൽ വലിയ അവസരങ്ങളുള്ള നാടായി ഇന്ത്യ മാറിയെന്ന് പ്രധാനമന്ത്രി പറഞ്ഞു. അടുത്ത രണ്ട് ദശകങ്ങളിൽ ആഗോള ഊർജ്ജ ആവശ്യകതയിലെ മൊത്തം വർദ്ധനവിന്റെ 35% ഇന്ത്യയുടേതായിരിക്കുമെന്ന് പരിപാടിയിൽ പങ്കെടുത്ത കേന്ദ്രമന്ത്രി ഹർദീപ് സിങ് പുരി പറഞ്ഞു. ഊർജ സുരക്ഷ, നിക്ഷേപം തുടങ്ങിയ മേഖലകളിൽ ശ്രദ്ധ കേന്ദ്രീച്ചാണ് കോൺക്ലേവ്. 120 ലധികം രാജ്യങ്ങളിൽ നിന്നുള്ള 75,000 ത്തോളം പ്രതിനിധികൾ മൂന്ന് ദിവസത്തെ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്..

*************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

****************************************

## RAJNATH SINGH (INTRO)

ഇന്ത്യയുടെ പ്രതിരോധ മേഖലയിൽ രാജ്യത്തെ തദ്ദേശീയ സംവിധാനങ്ങൾ കാര്യക്ഷമമാണെന്ന് ഓപ്പറേഷൻ സിന്ദൂർ തെളിയിച്ചതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ ഡിആർഡിഒ ശാസ്ത്രജ്ഞരെ അനുമോദിക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഓപ്പറേഷൻ സിന്ദൂറിൽ ഡിആർഡിഒയുടെ സാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. (...വോയിസ്..)

****************************************

## SANTHOSH TROPHY

സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനൽ റൗണ്ട് മൂന്നാം മത്സരത്തിൽ ഒഡീഷയ്ക്കെതിരെ കേരളത്തിന് ജയം. ആദ്യപകുതിയിൽ ടി.ഷിജിൻ നേടിയ ഗോളിലാണ് ജയം. ഈ ജയത്തോടെ ഗ്രൂപ്പ് ബിയിൽ ഒന്നാമതുള്ള കേരളത്തിന് ഏഴു പോയിന്റായി. ആദ്യ മത്സരത്തിൽ പഞ്ചാബിനെ തോൽപ്പിച്ച കേരളം കഴിഞ്ഞ മത്സരത്തിൽ റെയിൽവേസിനോടു സമനില വഴങ്ങിയിരുന്നു.. 29ന് മേഘാലയയുമയാണ് കേരളത്തിന്റെ അടുത്ത മത്സരം.

**************************************

## ASSEMBLY

ഗവർണറുടെ നയപ്രഖ്യാപനത്തിൻമേലുള്ള നന്ദിപ്രമേയത്തിൻമേൽ രണ്ടാം ദിവസത്തെ ചർച്ച പൂർത്തിയാക്കി നിയമസഭ ഇന്ന് പിരിഞ്ഞു.നാളെ ചർച്ച അവസാനിക്കും. മറ്റന്നാളാണ് ധനമന്ത്രി കെ.എൻ ബാലഗോപാൽ സംസ്ഥാന ബജറ്റ് അവതരിപ്പിക്കുക. പയ്യന്നൂർ ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട അടിയന്തര പ്രമേയ നോട്ടീസ് സ്പീക്കർ തള്ളിയതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം രാവിലെ നിയമസഭയിൽ നിന്ന് ഇറങ്ങിപ്പോയിരുന്നു. പയ്യന്നൂരിൽ പ്രതിഷേധം നടത്തിയ കോൺഗ്രസ് പ്രവർത്തകരെ സി പി ഐ - എം പ്രവർത്തകർ മർദിച്ച സംഭവം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണം എന്നാവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന് സജീവ് ജോസഫ് ആണ് അടിയന്തര പ്രമേയം അവതരിപ്പിക്കാൻ നോട്ടീസ് നൽകിയത്. നോട്ടീസ് സ്പീക്കർ തള്ളിയതിനെ തുടർന്ന് നടുത്തളത്തിൽ ഇറങ്ങി പ്രതിഷേധിച്ച പ്രതിപക്ഷം സഭ വിട്ടിറങ്ങുകയായിരുന്നു. ശബരിമല സ്വർണ്ണ അപഹരണക്കേസിലെ പ്രതിഷേധത്തിന്റെ ഭാഗമായി ചോദ്യോത്തരവേള ബഹിഷ്കരിച്ച യു.ഡി.എഫ് സഭാ കവാടത്തിൽ സത്യഗ്രഹം ആരംഭിച്ചു. പ്രതിപക്ഷത്തെ നജീബ് കാന്തപുരവും, CR മഹേഷുമാണ് സത്യഗ്രഹം നടത്തിയത്.

**************************************

## GEORGE KURIAN

ഏഴാമത് ഇന്ത്യ ഇന്റർനാഷണൽ കടൽപായൽ ഉച്ചകോടിയും പ്രദർശനവും മറ്റന്നാൾ കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ നടക്കുന്ന ചടങ്ങിൽ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് ചീഫ് എക്സിക്യുട്ടീവ് ഡോ. ബി കെ ബെഹറ അധ്യക്ഷത വഹിക്കും. വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ രണ്ട് ദിവസത്തെ ഉച്ചകോടിയിൽ പങ്കെടുക്കും. കടൽപായലിന്റെ സാമ്പത്തിക, പോഷകാഹാര, പാരിസ്ഥിതിക സാധ്യതകൾ പര്യവേഷണം ചെയ്യാൻ ലക്ഷ്യമിട്ടാണ് സമ്മേളനം. കേന്ദ്ര കൃഷി-മത്സ്യ മന്ത്രാലയങ്ങളിലെ ഉന്നതർ, ഗവേഷകർ, വ്യവസായികൾ തുടങ്ങിയവർ സംസാരിക്കും.

**************************************************************************************************************

****************************************